# Senior Officials' India-France-Australia Trilateral Dialogue

February 24, 2021

---

# ഇന്ത്യ -ഫ്രാൻസ് - ഓസ്ട്രേലിയ ഉന്നത ഉദ്യോഗസ്ഥരുടെ ത്രിരാഷ്ട്ര സംവാദം

ഫെബ്രുവരി 24, 2021

ഇന്ത്യ-ഫ്രാൻസ്-ഓസ്ട്രേലിയ ഉന്നത ഉദ്യോഗസ്ഥരുടെ ത്രിരാഷ്ട്ര സംവാദം ഇന്ന് നടന്നു. ഇന്ത്യൻ ടീമിനെ ജോയിന്റ് സെക്രട്ടറി (യൂറോപ്പ് വെസ്റ്റ്) ശ്രീ സന്ദീപ് ചക്രവർത്തിയും ഫ്രഞ്ച് ടീമിനെ (ഏഷ്യ ഓഷ്യാനിയ) ഡയറക്ടർ ബെർട്രാൻഡ് ലോർത്തോളറിയും ഓസ്ട്രേലിയൻ ടീമിനെ ഫസ്റ്റ് അസിസ്റ്റന്റ് സെക്രട്ടറി (നോർത്ത് സൗത്ത് ഏഷ്യ ഡിവിഷൻ) ശ്രീ ഗാരി കോവനും ഫസ്റ്റ് അസിസ്റ്റന്റ് സെക്രട്ടറി (യൂറോപ്പ്, ലാറ്റിൻ അമേരിക്ക ഡിവിഷൻ) ജോൺ ഗിയറിംഗും സംയുക്തമായും നയിച്ചു. .

നാവിക സുരക്ഷാ, മാനുഷിക സഹായവും ദുരന്ത നിവാരണ പ്രവർത്തനങ്ങളും (HADR), ബ്ലൂ എക്കണോമി, മറൈൻ ഗ്ലോബൽ കോമൺസിന്റെ സംരക്ഷണം, നിയമവിരുദ്ധവും, അനിയന്ത്രിതവും റിപ്പോർട്ട് ചെയ്യപ്പെടാത്തവയുമായ മത്സ്യബന്ധനത്തോടുള്ള പ്രതിരോധം (IUU)കൂടാതെ ബഹുരാഷ്ട്ര ഫോറമുകളിലെ സഹകരണം എന്നിവ ഉൾപ്പെടെ 2020 സെപ്റ്റംബറിൽ നടന്ന വിദേശകാര്യ സെക്രട്ടറി തലത്തിലുള്ള ത്രിരാഷ്ട്ര സംവാദങ്ങളുടെ ഫലങ്ങളിലെ പുരോഗതിയെക്കുറിച്ച് മൂന്ന് വിഭാഗങ്ങളും അവലോകനം ചെയ്തു. ഇന്തോ-പസഫിക് മേഖലയിൽ ത്രിരാഷ്ട്ര സഹകരണം വർദ്ധിപ്പിക്കുന്നതിന് അടുത്തതായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അവർ ചർച്ച ചെയ്തു.

**ന്യൂ ഡൽഹി**
**24 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.